# ഓഖി ദുരന്തം ഓർമ്മിപ്പിക്കുന്നത്

സാരമായ മറവി ബാധിച്ച സമൂഹത്തിൽ ദുരന്തങ്ങളാണ് പലപ്പോഴും ഓർമ്മപ്പെടുത്തലുകളായി മാറാറുള്ളത്. ചില സത്യങ്ങൾ ദുരന്തങ്ങൾ കൂടാതെ മനസ്സിലാക്കാൻ കഴിയാത്തവിധം സംവേദനക്ഷമത നഷ്ടപ്പെട്ട ഒരു സമൂഹമായി കേരളം മാറിയിട്ട് ഏറെക്കാലങ്ങളായി. ആവർത്തിക്കുന്ന അത്യാഹിതങ്ങൾ പോലും ഒന്നും ചിന്തിപ്പിക്കാത്തവിധം തിടുക്കപ്പെട്ട് നീങ്ങുകയായിരുന്ന കേരളത്തിന് ചില കാര്യങ്ങൾ ഗൗരവത്തോടെ പുനരാലോചിക്കുന്നതിനുള്ള ഒരു പാഠമായിത്തീർന്നിരിക്കുകയാണ് ഓഖി ദുരന്തം. കുലീനപദവികളില്ലാത്ത തീരദേശവാസികളുടെ ജീവനും ജീവനോപാധികൾക്കുമുണ്ടായ നാശം പൊതുമനഃസാക്ഷിയെ അത്രമേൽ ഇളക്കിയിട്ടില്ലെങ്കിലും പ്രകൃതിയോടുള്ള മനുഷ്യ ചെയ്തികൾ ഒരിക്കൽ ദുരന്തങ്ങളായി തിരിച്ചുവരാമെന്ന പരിചിന്തനത്തിലൂടെ കേരളം ഈ ദിവസങ്ങളിൽ കടന്നുപോയിരുന്നു. ഇത്തരം പ്രകൃതിദുരന്തങ്ങളെയെല്ലാം നേരിടാൻ ശേഷിയുള്ള സാങ്കേതിക സംവിധാനങ്ങൾ ലഭ്യമാണെന്നും 'ഡിസാസ്റ്റർ മാനേജ്മെന്റ്' പോലെയുള്ള ശാസ്ത്രീയ ദുരന്തനിവാരണ വൈദഗ്ധ്യങ്ങളിലൂടെ എല്ലാ പ്രത്യാഘാതങ്ങളെയും ലഘൂകരിക്കാൻ കഴിയുമെന്നും വിശ്വസിച്ചിരുന്നവർ ഇപ്പോൾ അത് തിരുത്താൻ തുടങ്ങിയിരിക്കുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന ഏറെ പണമൊഴുക്കപ്പെടുന്ന പുതിയ ഭരണവിഭാഗത്തിന്റെ വൈകല്യങ്ങളും പരിമിതികളും പുറത്തുകൊണ്ടുവരുന്നതിനും ഓഖി ഒരു കാരണമായി. ഈ പ്രതിസന്ധികൾക്ക് നടുവിലും കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങളുടെ മുന്നറിയിപ്പുകൾ കൃത്യമായി ലഭിച്ചില്ലെന്നും, അല്ല മുന്നറിയിപ്പ് ലഭിച്ചിട്ടും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിൽ സർക്കാർ പരാജയപ്പെടുകയാണുണ്ടായതെന്നുമുള്ള ആരോപണ പ്രത്യാരോപണങ്ങളിൽ മുഴുകുകയായിരുന്നു ഉത്തരവാദിത്തപ്പെട്ടവർ. ഒന്നും ചെയ്യാനാകാതെ പകച്ചുനിന്ന മുഖ്യമന്ത്രിയടക്കമുള്ള ജനപ്രതിനിധികൾ വിഴിഞ്ഞത്തെ ജനരോഷത്തിന് മുന്നിൽ അപഹാസ്യരായിത്തീർന്ന ആ കാഴ്ച പരാജയത്തിന്റെ ഒരു വ്യക്തമായ ചിത്രമായിരുന്നു. അരികുവത്കരിക്കപ്പെട്ട ജനതക്കുണ്ടായ അപരിഹാര്യമായ നഷ്ടങ്ങളോടുള്ള ഭരണസംവിധാനങ്ങളുടെ സമീപനവ്യത്യാസമായും ഈ തോൽവിയെ കാണേണ്ടതുണ്ട്. മുഖ്യമന്ത്രിക്ക്, വന്ന കാറിൽ തിരിച്ചുപോകാൻ പോലും കഴിഞ്ഞില്ല എന്നത് അനിവാര്യമായ ജനരോഷത്തിൽ നിന്നും ജനപ്രതിനിധികളാരും മുക്തരല്ല എന്നതിന്റെ ജനാധിപത്യ സൂചനയായി മാറുകയും ചെയ്തു.

കാലാവസ്ഥാ പ്രവചനസംവിധാനങ്ങളുടെയോ ദുരന്തനിവാരണ മാർഗ്ഗങ്ങളുടെയോ സർക്കാർ വകുപ്പുകളുടെയോ മാത്രം പരാജയമായി വിലയിരുത്തി ലഘൂകരിക്കാൻ കഴിയുന്നതല്ല ഓഖിയെ സംബന്ധിച്ച ചർച്ചകൾ. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെയും അതിലോലമായ കേരളത്തിന്റെ ഭൗമാവസ്ഥയുടെയും ചിത്രം ആ സംവാദങ്ങളിൽ ഉറപ്പായും കടന്നുവരേണ്ടതുണ്ട്. ആഘാതങ്ങളുടെ മയപ്പെടുത്തലുകൾക്ക് ഊന്നൽകൊടുക്കുന്ന ദുരന്തനിവാരണ ചിന്തയുടെ സമീപനത്തേക്കാൾ ഇന്ന് പ്രാമുഖ്യം ലഭിക്കേണ്ടത് ആഘാതങ്ങൾ ഇല്ലാതിരിക്കാനുള്ള ദീർഘകാല പദ്ധതികൾക്കാണ്. അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതമായി തന്നെ ഓഖി ചുഴലിക്കാറ്റിനെയും അതു സൃഷ്ടിച്ച ദുരന്തത്തെയും കാണേണ്ടതുണ്ട്. ഉഷ്ണമേഖലാ പ്രദേശത്തെ സമുദ്രങ്ങളിൽ നിന്നും ചുഴറ്റിയടിക്കുന്ന ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ അടുത്തകാലത്ത് ക്രമാതീതമായി വർദ്ധിക്കുന്നതിന് ആഗോളതാപനം ഒരു കാരണമായിട്ടുള്ളതായി ശാസ്ത്രസമൂഹം വിലയിരുത്തുന്നുണ്ട്. ചൂടുള്ള സമുദ്രോപരിതല താപനിലയിൽ നിന്നുമാണ് ചുഴലിക്കാറ്റിന് ഊർജ്ജം ലഭിക്കുന്നത്. സമുദ്രോപരിതല താപനില വർദ്ധിക്കുമ്പോൾ ബാഷ്പീകരണതോത് ഉയരുകയും അത് ചുഴലിക്കാറ്റിന് ഇന്ധനമായിത്തീരുകയും ചെയ്യുന്നു. ആഗോളതാപനം കാരണം സമുദ്രജലനിരപ്പ് ഉയരുന്നതും ചുഴലിക്കാറ്റിന്റെ ആഘാതം വർദ്ധിപ്പിക്കുമെന്ന് ശാസ്ത്രജ്ഞർ പറയുന്നുണ്ട്. (പ്രതിവർഷം 3.3 മില്ലീമീറ്റർ എന്ന നിരക്കിലാണ് സമുദ്രനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്നത് എന്ന കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠിക്കുന്ന പ്രമുഖ സ്ഥാപനമായ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് വിലയിരുത്തലിനെ ഇതുമായി ചേർത്തുവായിക്കേണ്ടതുണ്ട്). ആഗോളതാപനം ഈ രീതിയിൽ തുടരുകയാണെങ്കിൽ 2100 ആകുമ്പോഴേക്കും ഉഷ്ണമേഖല ചുഴലിക്കാറ്റുകൾ രണ്ട് മുതൽ പത്ത് ശതമാനം വരെ ശക്തിപ്രാപിക്കുമെന്നും ശാസ്ത്രലോകം സൂചിപ്പിക്കുന്നു. സമീപഭാവിയിൽ ചുഴലിക്കാറ്റുകളുടെ കെടുതിയിൽ ഉൾപ്പെടുമെന്ന് വിഷയവിദഗ്ധർ പ്രവചിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയും ഉൾപ്പെടുന്നുണ്ട്. ഇത്തരം മുന്നറിയിപ്പുകളെയെല്ലാം തീർത്തും അവഗണിക്കുന്ന ഒരു ഭരണക്രമം നിലനിൽക്കുന്ന രാജ്യത്തെ സംബന്ധിച്ച് ഓഖി പോലുള്ള ദുരന്തങ്ങളെ ഏറ്റുവാങ്ങുകയല്ലാതെ മറ്റ് വഴികളില്ല.

ആഗോളതാപനം നിയന്ത്രിക്കുന്നതിനുള്ള അന്താരാഷ്ട്ര കരാറായ പാരീസ് ഉടമ്പടിയിൽ പങ്കുചേർന്നതോടെ അതനുസരിച്ചുള്ള നടപടികൾ പ്രാബല്യത്തിൽ വരുത്താൻ ഇന്ത്യ പ്രതിജ്ഞാബദ്ധമായിരിക്കുമെന്ന് നമ്മുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രസ്താവിച്ചിരുന്നു. എന്നാൽ കാർബൺ ബഹിർഗമനം കുറയ്ക്കുന്ന തരത്തിൽ വികസന പ്രവർത്തനങ്ങളിലും അതിന് ആധാരമായ സാമ്പത്തികനയങ്ങളിലും തിരുത്തലുകളൊന്നും വരുത്താൻ സന്നദ്ധമല്ലാത്ത സർക്കാരുകളാണ് കേന്ദ്ര-സംസ്ഥാന ഭേദമന്യേ ഇന്ത്യയിലെമ്പാടും നിലനിൽക്കുന്നത്. ചങ്ങാത്തമുതലാളിത്തത്തിൽ നിന്നുള്ള ലാഭം പങ്കുപറ്റാൻ ശ്രമിക്കുന്ന ഒരു ഭരണകൂടത്തിന് ആഗോളതാപനത്തിന്റെ ആശങ്കകളെ പരിഗണിക്കാൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ്. ഓഖികൾ ആവർത്തിക്കപ്പെട്ടാൽ അതിന്റെ മുഖ്യ ഉത്തരവാദിത്തം ഹരിതഗൃഹവാതകങ്ങളുടെ വ്യാപനം തടയാൻ കഴിയാതെ 'വികസിക്കുന്ന' വികസിത-വികസനോന്മുഖ രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങൾക്ക് തന്നെയായിരിക്കും.

കേരളത്തിന്റെ തീരത്തെയും മത്സ്യത്തൊഴിലാളി ജീവിതത്തെയും കുറിച്ച് ചില ഉത്കണ്ഠകൾ കൂടി ഓഖി ഉയർത്തുന്നുണ്ട്. അങ്ങേയറ്റം പരിസ്ഥിതിലോലവും നിരന്തരമായ രൂപമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതുമായ ഒരു ആവാസവ്യവസ്ഥയാണ് കേരള തീരത്തിന്റേത്. എന്നിട്ടും തീരദേശ പരിപാലന നിയമം പോലെയുള്ള നിയമ സംവിധാനങ്ങളെ മറികടന്നുകൊണ്ട് വികസനപ്രവർത്തനങ്ങൾ തീരത്തും തീരക്കടലിലും വ്യാപകമാകുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണമാണ് അതിൽ ഏറ്റവും വിനാശകരമായ ഒരു പദ്ധതി. അത്തരം വിനാശ നിർമ്മിതികൾ കടലിന്റെ ജൈവസമ്പന്നതയ്ക്കും തീര പരിസ്ഥിതിക്കും സൃഷ്ടിക്കുന്ന നഷ്ടങ്ങൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ഇന്ന് സാരമായി ബാധിക്കുന്നുണ്ട്. കടൽക്ഷോഭം കാരണം കരിങ്കൽ ഭിത്തി കെട്ടാത്ത സ്വാഭാവിക തീരങ്ങളും കേരളത്തിൽ ഇന്ന് വളരെ കുറവാണ്. ഈ സങ്കീർണ്ണതകൾക്ക് നടുവിലേക്കാണ് ഓഖി പോലെ ഒരു ചുഴലിക്കാറ്റ് ദുരന്തമായി വീശിയടിക്കുന്നത്. അതുകൊണ്ടുതന്നെ ദുർബലമായ കേരളത്തിന്റെ തീരപരിസ്ഥിതിയുടെ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന ആത്മാർത്ഥമായ ആലോചനകളും ഈ സാഹചര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ■